പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** | 14-07-2016 ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. മുകേഷ്**<br>**ശ്രീ. റ്റി.വി.രാജേഷ്**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്** | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം യഥാസമയം അവലോകനം ചെയ്യുന്നതിനും , കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൻെറയും വിവിധ പദ്ധതികളുടെയും പുരോഗതി യഥാസമയം അവലോകനം ചെയ്യുന്നതിനായി റിയാബ് മുഖേനയുള്ള ഇൻറർനെറ്റ് അധിഷ്ഠിത പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുന:സംഘടിപ്പിച്ചിട്ടുണ്ട് .<br><br>കമ്പനികളുടെ ഡയറക്ടർ ബോർഡ് ഉൾപ്പെടെയുള്ള മാനേജ്മെൻറ് സംവിധാനം ശക്തിപ്പെടുത്തിയും, സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിലേക്കായി ഇ-പ്രൊക്യുർമെൻറ് മുതലായ കാര്യക്ഷമമായ ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിൻെറ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |
| (ബി) നഷ്ടത്തിലായ യൂണിറ്റുകളെ ലാഭകരമാക്കിത്തീർക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;<br><br>(സി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികവത്കരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും | (ബി) യും (സി) യും വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിൻെറ ഭാഗമായി വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള സ്ഥാപനങ്ങളുടെയും പ്രാഥമിക |

42

| | |
|---|---|
| ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ? | അവലോകനയോഗങ്ങൾ റിയാബ് ചെയർമാൻെറ നേതൃത്വത്തിൽ നടന്നുകഴിഞ്ഞു. ഇതിൻെറ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്ക്കരണവും, വിപുലീകരണവും, ഉൽപ്പാദന വൈവിധ്യവത്ക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം സർക്കാർ കൈക്കൊള്ളുന്നതായിരിക്കും. |

സെക്ഷൻ ഒഫീസർ